ക്കുകയാണെന്ന്. അങ്ങനെയാണെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ വല്ല മിനി ഇൻഡസ്ട്രീസും സ്ഥാപിക്കാൻ പരിപാടിയുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഉമിയിൽ നിന്നു സിമൻറ് എടുക്കുന്നതിനെപ്പറ്റി ഗൗരവമായി പരിശോധിച്ചു കൊണ്ടിരിക്കുകയാണെന്നാണ് കേന്ദ്ര ഗവൺമെൻറ് ഞങ്ങളെ അറിയിച്ചിട്ടുള്ളത്. അങ്ങനെ ഒരു ടെക്നോളജി മറ്റു സംസ്ഥാനങ്ങളിൽ ഡെവലപ്പു ചെയ്തിട്ടുണ്ട്. നാം അതു പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: വളപട്ടണം കരയുടെ ഇരു കരകളിലും ധാരാളം കക്കാ നിക്ഷേപം ഉണ്ടെന്നു പറയുന്നു. അതു പരിശോധിച്ച് അവിടെയൊരു സിമൻറ് ഫാക്ടറി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതു പരിശോധിച്ചു കഴിഞ്ഞിട്ടുണ്ട്, പ്രാഥമിക റിപ്പോർട്ടു കിട്ടിയിട്ടുണ്ട്.

യൂക്കാലിപ്റ്റസിന്റെ വില

*348 [367] ശ്രീ. ഇ. കെ. പിള്ള:
,, കെ. ടി. കുമാരൻ:
,, എം. കെ. കേശവൻ:
,, റ്റി. എ. മജീദ്:
,, പി. കെ. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനം വികസന കോർപ്പറേഷൻ—ഒരു ടൺ യൂക്കാലിപ്റ്റസിന് എന്തു വിലയാണ് വ്യവസായികളിൽനിന്ന് ഈടാക്കുന്നത്;

(ബി) കഴിഞ്ഞ വർഷം എത്ര ടൺ യൂക്കാലിപ്റ്റസ് വ്യവസായികൾക്ക് സപ്ലൈ ചെയ്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) വനം വികസന കോർപ്പറേഷൻ യൂക്കാലിപ്റ്റസ് തടി വിപണനം ചെയ്യാൻ ആരംഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. ടി. കുമാരൻ: ഗവൺമെൻറ് ഉടമയിലുള്ള ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നു നടത്തുന്ന ഇത്തരം യൂക്കാലിപ്റ്റസ് കൃഷിക്ക് എത്ര രൂപയാണ് മുടക്കുന്നതെന്ന് പറയാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറ് കൃഷി ചെയ്യുന്ന യൂക്കാലിപ്റ്റസിന്റെ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ ഏതാണ്ടിൽ ശരാശരി 60-നും 65-നും ഇടക്ക് രൂപയാണെന്നാണ് കണ

LIBRARY ARCHIVES Kerala Legislative Assembly

ാക്കിയിട്ടുള്ളത്. ഒരു പക്ഷേ അതിന്റെ കോസ്റ്റ് സമീപ കാലത്ത് കുറേക്കൂടി വർദ്ധിച്ചിട്ടുണ്ടാകും. ഞാൻ പറഞ്ഞത് പഴയ എസ്റ്റിമേറ്റാണ്.

ശ്രീ. കെ. ടി. കുമാരൻ: യൂക്കാലിപ്റ്റസ് മരം വളർച്ച എത്തിയതു മുറിച്ചു് നീക്കാത്തതുകൊണ്ടു് വമ്പിച്ച നഷ്ടം വരുന്നുണ്ടു് എന്നുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; പത്തു പതിനാലു വർഷം കഴിഞ്ഞിട്ടും മരം മുറിക്കാത്തത് എന്തു കൊണ്ടാണ്?

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. കേരളത്തിൽ പ്രധാനപ്പെട്ട യൂക്കാലിപ്റ്റസ് തടികളെല്ലാം ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനു വേണ്ടി റിസർവ്വ് ചെയ്തിരിക്കുകയാണ്. അവരും നാമും തമ്മിലുള്ള കരാറനുസരിച്ച് എപ്പോഴാ മരം മുറിക്കണമെന്നുള്ള കാര്യം തീരുമാനിക്കുന്നത് അവരാണ്. പത്തു കൊല്ലം കഴിഞ്ഞാൽ മുറിക്കാം. ഗവൺമെൻറ് അവരോട് മുറിക്കാൻ പറഞ്ഞു, പക്ഷേ അവർ ചെയ്തില്ല.

ശ്രീ. എം. കെ. കേശവൻ: വെള്ളൂർ ന്യൂസ് പ്രിൻറ് ഫാക്റ്ററിക്ക് വേണ്ട യൂക്കാലിപ്റ്റസ് സംസ്ഥാന ഗവൺമെൻറ് കൊടുക്കാമെന്ന എഗ്രിമെൻറ് ഉണ്ടാക്കിയത് എന്നാണ്, എവിടെ നിന്നാണ് കൊടുക്കുന്നത്: ടണ്ണിനു് എന്തു വിലയുടെ അടിസ്ഥാനത്തിലാണ് എഗ്രിമെൻറ് ഉണ്ടാക്കിയിട്ടുള്ളത്?

ശ്രീ. പി. കെ. വാസുദേവൻ നായർ: പ്രത്യേകമായി വെള്ളൂർ ന്യൂസ് പ്രിൻറ് ഫാക്റ്ററിക്ക് റിസർവ്വ് ചെയ്തത് പീരുമേട് യൂക്കാലിപ്റ്റസ് തോട്ടമാണ്. കേരളത്തിലെ നല്ല യൂക്കാലിപ്റ്റസ് തോട്ടമാണ് അത്. ആ തടി ടണ്ണിനു് പതിനൊന്നര രൂപക്ക് കൊടുക്കാനാണ് കരാർ ഉണ്ടാക്കിയിട്ടുള്ളത്.

ശ്രീ. എം. കെ. കേശവൻ: കമ്പനിക്ക് വ്യവസായം തുടങ്ങാൻ കൊടുക്കുന്ന വിലയും മാർക്കറ്റു വിലയും തമ്മിൽ എന്തു വ്യത്യാസമുണ്ടെന്നു വ്യക്തമാക്കാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: മാർക്കറ്റിലെ വിലയും ഈ വിലയും തമ്മിൽ വളരെ വ്യത്യാസമുണ്ട്. കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ ഇവിടെ പറഞ്ഞതു പോലെ കുറഞ്ഞത് 60, 65 രൂപയെങ്കിലും ഉണ്ട്. അതാണ് പതിനൊന്നര രൂപക്ക് കൊടുക്കാൻ കരാർ ഉണ്ടാക്കിയത്.

ശ്രീ. പി. കെ. ശ്രീനിവാസൻ: കേരളത്തെപ്പോലെ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളിൽ തന്നെ യൂക്കാലിപ്റ്റസിനു് ടണ്ണിനു് 175 രൂപ വിലയുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: കൃത്യമായി എനിക്കറിഞ്ഞുകൂടാ; കമ്പോളത്തിലെ വില എത്രയാണെന്ന്, കോസ്റ്റ് ഓഫ് പ്രൊഡക്ഷനും ഇതും തമ്മിലുള്ള വ്യത്യാസമാണ് ഞാൻ പറഞ്ഞത്. വളരെ വ്യത്യാസമുണ്ട്. പല വ്യവസായങ്ങളും കേരളത്തിൽ സ്ഥാപിക്കണമെന്ന ആവശ്യത്തെ പരിഗണിച്ച് കേന്ദ്ര ഗവൺമെൻറ് നിർദ്ദേശിച്ച പല വ്യവസ്ഥകൾക്കും നാം വിധേയരാകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ശ്രീനിവാസൻ: വനവിഭവങ്ങളുടെ വില നിശ്ചയിക്കാനുള്ള ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ രൂപീകരണത്തിന്റെ താമസം കാരണം വനവിഭവങ്ങൾക്ക് ന്യായമായ വില ഈടാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടെന്നറിയാമോ? ഉണ്ടെങ്കിൽ സത്വരമായി ആ കമ്മിറ്റി രൂപീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചു കഴിഞ്ഞു. ശുപാർശകൾ നടത്തിയിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷത്തിന്റേയും ആരംഭത്തിൽ വില നോട്ടിഫൈ ചെയ്യണമെന്നു ആക്റ്റിൽ വ്യവസ്ഥയുണ്ട്. അതനുസരിച്ച് നോട്ടിഫൈ ചെയ്യുന്നതാണ്.

ശ്രീ. സി. എ. കുര്യൻ: എത്ര നാളത്തേക്കാണ് ഈ കരാർ ഉണ്ടാക്കിയിട്ടുള്ളത്? മേലാലെങ്കിലും മാർക്കറ്റ് റേറ്റിനേക്കാൾ കുറഞ്ഞ നിരക്കിൽ എഗ്രിമെന്റ് നടത്താതിരിക്കുന്നതിന് വേണ്ട തീരുമാനമെടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അഞ്ചു കൊല്ലത്തേക്കാണെന്നാണ് എന്റെ അറിവ്. തെറ്റുണ്ടെങ്കിൽ തിരുത്താൻ തയ്യാറാണ്. ഒരു കാലത്തും കോസ്റ്റ് ഓഫ് പ്രൊഡക്ഷനേക്കാൾ കുറഞ്ഞ നിരക്കിൽ അസംസ്കൃത സാധനങ്ങൾ കൊടുക്കുകയില്ലെന്ന ഒരു പൊതു തീരുമാനം എടുക്കാൻ കഴിയുമെന്നു തോന്നുന്നില്ല. തീർച്ചയായും ഈ കാര്യത്തിൽ കഴിയുന്നത്ര വില വാങ്ങിക്കൊണ്ട് എഗ്രിമെന്റ് ഉണ്ടാക്കണമെന്ന നയം സ്വീകരിക്കാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്റ്ററിക്കു വേണ്ടി വച്ചു പിടിപ്പിച്ചതും റിസർവ്വ് ചെയ്തതുമായ യൂക്കാലിപ്റ്റസ് തോട്ടങ്ങൾ ഫാക്റ്ററിയുടെ നിർമ്മാണത്തിലുള്ള കാലതാമസം മൂലം അനേകായിരം ലക്ഷം ടൺ യൂക്കാലിപ്റ്റസ് വേസ്റ്റായിപ്പോയി എന്നും നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണെന്നുമുള്ള വാർത്ത പത്രത്തിൽ വന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ യഥാർത്ഥ വസ്തുത എന്താണ്; നഷ്ടപ്പെട്ടു പോയിട്ടുണ്ടോ; ഉപയോഗശൂന്യമായിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഉപയോഗശൂന്യമായിട്ടില്ല. ഗവൺമെന്റ് അതേപ്പറ്റി അന്വേഷിച്ചു. പതിനാലു കൊല്ലമായാലും പതിനഞ്ചു കൊല്ലമായാലും ഉപയോഗിക്കാൻ കഴിയുമെന്നു വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്റ്ററിക്ക് ടെക്നിക്കൽ അഡ്വൈസ് കൊടുക്കുന്ന ജർമ്മൻ വിദഗ്ദ്ധൻമാർ പറഞ്ഞു.

ശ്രീ. ഇ. പി. ഗോപാലൻ: ഇപ്പോഴും വച്ചു പിടിപ്പിച്ചിട്ടുള്ള യൂക്കാലിപ്റ്റസ് മരങ്ങൾ വെട്ടിയെടുക്കാൻ കാലതാമസം വരുന്നു എന്ന കാരണത്തെ പരിഗണിച്ച് ഈ പ്രദേശങ്ങളിൽ വീണ്ടും പ്ലാൻറ് ചെയ്യാനുള്ള പരിപാടിയുണ്ടോ; സ്ഥലം വേസ്റ്റാകാതിരിക്കാൻ വേണ്ടി രണ്ടോ മൂന്നോ കൊല്ലത്തിനുള്ളിൽ ഇപ്പോഴും നിൽക്കുന്ന മരങ്ങൾ വെട്ടിയെടുക്കുമ്പോൾ ക്രമത്തിൽ പിന്നേയും മരങ്ങൾ കിട്ടത്തക്ക വിധത്തിൽ വല്ല പരിപാടിയുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ: ആരും സാങ്കേതിക വിദഗ്ദ്ധരല്ല, ഞാൻ മനസ്സിലാക്കുന്നത് യൂക്കാലിപ്റ്റസ് മരം വെട്ടിയാൽ അവിടെ വീണ്ടും മുള പൊട്ടി വരുമെന്നാണ്. അങ്ങനെ രണ്ടു മൂന്നു പ്രാവശ്യം മുറിക്കുന്നിടത്തു വീണ്ടും മരം വളർന്നു വരും.

ശ്രീ. പി. സീതി ഹാജി: വെസ്റ്റഡ് ഫോറസ്റ്റിൽ നിക്ഷിപ്തമായിട്ടുള്ള വനങ്ങളിൽ യൂക്കാലിപ്റ്റസ് വച്ചുപിടിപ്പിച്ച് വളർത്തിയാൽ കോട്ടാസ്സിസ്റ്റ്പ്രകാരം കൊടുക്കാൻ കഴിയുകയില്ലേ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അവിടെ വച്ചു പിടിപ്പിച്ചിട്ടുള്ള യൂക്കാലിപ്റ്റസും ഫലപ്രദമായി വ്യാവസായികാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന കാര്യത്തെ പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ.സി. വാമദേവൻ: വെള്ളൂർ ന്യൂസ് പ്രിൻറ് ഫാക്റ്ററിക്ക് ഒരു ദിവസത്തേയ്ക്ക് എത്ര ടൺ യൂക്കാലിപ്റ്റസ് വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതേക്കുറിച്ചുള്ള വിവരം ഇപ്പോൾ എന്റെ കയ്യിൽ ഇല്ല.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സിൽ സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴിയുള്ള നിയമനം

*349 [368] ശ്രീ. എ. വി. താമരാക്ഷൻ:

,, കല്ലട നാരായണൻ:

,, ത്യാഗരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സിൽ സ്പെഷ്യൽ റിക്രൂട്ട്മെൻറ് അനുസരിച്ച് പട്ടികജാതി–പട്ടികവർഗ്ഗക്കാരെ നിയമിക്കുവാൻ ഉത്തരവ് നൽകിയത് എന്നാണ്;

(ബി) അതനുസരിച്ച് ഓരോ കാറ്റഗറിയിലും എത്ര പേരെ വീതം നിയമിച്ചു;

(സി) നിയമിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) പോസ്റ്റുകളില്ലെങ്കിൽ സൂപ്പർ ന്യൂമറിയായി പട്ടികജാതി–പട്ടികവർഗ്ഗക്കാരെ നിയമിക്കുവാൻ ഗവൺമെൻറ് ഉത്തരവ് നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഓരോ കാറ്റഗറിയിലും എത്ര പേരെ വീതം നിയമിച്ചു?

മുഖ്യമന്ത്രി (ശ്രീ പി. കെ. വാസുദേവൻ നായർ):

(എ) 1975 ഒക്ടോബർ മാസത്തിൽ

LIBRARY ARCHIVES Kerala Legislative Assembly